**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** **27-06-2022 - ൽ മറുപടിയ്ക്ക്**

**പാരാമെഡിക്കൽ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ആയതിന്റെ കീഴിൽ കേരളത്തിന് പുറത്ത് പോയി പഠിച്ച വിദ്യാർത്ഥികളുടെ പാരാമെഡിക്കൽ കോഴ്സ് രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ? | (ബി) | കേരളാ പാരാമെഡിക്കൽ കൗൺസിലിന്റെ 08/12/2021 ൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക് അവർ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ അല്ലെങ്കിൽ അതത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നുള്ള പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളവരും അതാത് സംസ്ഥാനത്തിന്റെ റഗുലേറ്ററി ബോഡിയുടെ രജിസ്ട്രേഷൻ ഉള്ളവരും ആണെങ്കിൽ കേരളാ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാവുന്നതാണ് എന്ന ഒരു തീരുമാനം കൈക്കൊണ്ടിരുന്നു. 08/03/2022 ലെ ജി.ഒ(എം.എസ്) 52/2022/ആകുവ നമ്പർ ഉത്തരവ് പ്രകാരം കൗൺസിലിന്റെ ഈ തീരുമാനത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ